ടെലിവിഷൻ

ഡി.ഡി. 1

5.25 വന്ദേമാതരം 5.30 ആരാധന 6.00, 7.30, 2.15, 8.00, 12.00 ഇംഗ്ലീഷ് വാർത്തകൾ 6.05 യു.ജി.സി പരിപാടി 6.30 ഇഗ്നോ പരിപാടി 7.00, 2.00, 8.30 സമാചാർ 8.00 ഖബരോൻ കി ദുനിയ 9.00, 11.00, 1.00, 3.00, 5.00, 11.00 മുഖ്യസമാചാർ 9.02 ഗൂംത ആയിന 9.30 മിറർ ഓഫ് ദ വേൾഡ് 10.2 സംസ്കൃത വാർത്ത 10.05 അൻജുമാൻ 10.30 ഇ.ടി.വി പ്രോഗ്രാം 11.00 ക്വസ്റ്റ്യൻ അവർ 12.00, 4.00, 6.00 പ്രധാനവാർത്തകൾ 12.02, 12.30, 1.02, 1.30, 2.30, 11.02 3.02 9.00 9.30 10.00 3.30 സീരിയൽ റീച്ചിംഗ് ഫോർ സ്കൈ 4.02 സ്പോർട്സ് അവർ 5.02 ഈവനിംഗ് ലൈവ് ഷോ 6.02 ക്ലാസിക്കൽ മ്യൂസിക്ക് 6.30 കൃഷിദർശൻ 7.15 ജസ്യൂസ് വിജയ് 7.30 ക്രൈം റിപ്പോർട്ട്.

ഡി.ഡി 2

6.30 ഭക്തിസാഗർ 7.00 ഗുഡ് മോർണിംഗ് മെട്രോ 8.00 വിരാട് കഥായേൻ 9.00 വിയന്ന കൺസർട്ട് 9.30 ടെലിഫിലിം 8.30 ബബറേൻ ബേളിവുഡ് കീ 11.30 ആക്രാന്ത് 12.00 ആൾ ദ ബെസ്റ്റ് 1.00, 11.30 ടി.വി ബ്രാൻറ് ഷോ 1.30 സോദിൻ സാസ് കേ 2.00 ഇന്തസാർ ഔർസാഹി 2.25 ആപ്സ് മേം 2.50 ഉർദു വാർത്ത 3.00 മാറ്റിനി മാസ 3.30 ടോപ് ഹിറ്റ് ടോപ് 4.00 പോപ് ഹിറ്റ്സ് 4.30 ദ മിലേനിയം ഷോ 5.00 മിക്കി ആൻറ് ഫ്രൻറ്സ് 5.30 റെഡി സ്റ്റഡി ഗോ 6.00 താൻ സേതാൽ 6.30 അപ്ന അദ്ദ 7.00 പൽദൊപൽ 7.30 വിരാസട് 7.55 ആംഖോൻ ദേഖി 8.00 രാമായൺ 8.30 കുന്തി 9.00 ക്യാ അജീബ് ഇത്തിഫാഖ് ഹൈ 9.30 സ്വയം ഏക് അഹ്സാസ് 10.00 രംഗ് ബിരംഗെ ഫൂൽ 10.30 വേദ് വ്യാസ് കെ പോട്ട് 11.00 ഷോ ബിസ് ടു നൈറ്റ്.

ഡി.ഡി സ്പോർട്സ്

6.00 8.00 11.00 12.30 3.00 6.30 12.00 കോമൺവെൽത്ത് ഗെയിംസ് 7.00 സഹജ് സ്വസ്ത്യ 2.00 11.00 ലൈവ് ഷോ.

ഡി.ഡി കേരളം

10.30 വിദ്യാഭ്യാസ പരിപാടി 2.31 ഡിറ്റക്ടീവ് ആനന്ദ് 3.00 അങ്ങാടിപ്പാട്ട് 3.25 വലയം 3.50 ജ്വാല 4.40 ഊഞ്ഞാൽ 5.02 ഫ്ളാഷ് ബാക്ക് 5.30 ഗൗരി 6.00 ഭാഷാവിനോദം 7.15 രാജയോഗം 7.30 ശാന്തിവനം 9.30 കുദ്ദറത്ത്

ഡി.ഡി. മലയാളം

6.00 അഷ്ടപദി 6.30 വിദ്യാഭ്യാസപരിപാടി 7.00 എന്റെ ഗ്രാമം 7.30 വാർത്തകൾ 7.40 വസന്തഗീതങ്ങൾ 8.05 നിറം 8.30 സല്ലാപം 9.00 ഡിഡി മെഗാഷോ 9.30 അനർഘനിമിഷങ്ങൾ 9.45 ഡോക്യുമെൻററി 10.00 ടെലിഷോപ്പിംഗ് 10.30 വിദ്യാഭ്യാസ പരിപാടി 11.00 സിനിമ: തന്ത്രം 1.15 എന്നുണ്ണി ക്കണ്ണനുറങ്ങാൻ 1.40 സ്നേഹദീപം 2.05 ഇനി അഭിരാമി പറയട്ടെ 2.30 ഡിറ്റക്ടീവ് ആനന്ദ് 3.00 അങ്ങാടിപ്പാട്ട് 3.50 ജ്വാല 4.40 ഊഞ്ഞാൽ 5.02 ഫ്ളാഷ്ബാക്ക് 5.30 ഗൗരി 6.00 ഭാ[illegible] ശാന്തിവനം 8.15 സ്നേഹദീപം 8.50 എന്നുണ്ണി ക്കണ്ണനുറങ്ങാൻ 9.15 ഇൻറർവ്യൂ 9.30 കുദ്ദറത്ത് 10.00 ഇനി അഭിരാമി പറയട്ടെ 11.00 സിനിമ: ഇസബല്ല

ഏഷ്യാനെറ്റ്

5.30 നാദമാധുരി 6.00 രാഗമാലിക 6.30 സുപ്രഭാതം 7.25 മുൻഷി 9.30 സ്റ്റാർ ആൻറ് സ്റ്റൈൽ 10.00 ഓണച്ചിത്രങ്ങൾ 10.30 ഹാർട്ട്ബീറ്റ്സ് 11.00 ഭാര്യ 11.30 ടെലി ബ്രാൻറ് ഷോ 12.00 ദുർഗ 12.30 സിനിമ: പള്ളിവാതുക്കൽ തൊമ്മിച്ചൻ 3.30 വാൽകണ്ണാടി 4.30 ഹുക്കാ ഹുവാ മിക്കാഡോ 5.05 വാൽകണ്ണാടി 5.30 ഹലോ കിഡ്സ് 6.00 ചിത്രജാലകം 7.00 വിവാഹിത 7.30 സ്ത്രീ 8.00 വസുന്ധരാ മെഡിക്കൽസ് 8.35 ശാരദ 9.00 ഇന്നലെ 9.30 പാവക്കൂത്ത് 10.00 കോമഡി ഷോ 10.40 മുൻഷി 10.50 സമ്മർ സർപ്രൈസ് 11.25 മുക്കുത്തിപ്പൂവും മുന്നാഴിപ്പാട്ടും 12.15 നമ്മൾ തമ്മിൽ 12.45 സിനിമ: ചരിത്രം 3.30 സരിഗമ പധനിസ 4.00 ഹാർട്ട്ബീറ്റ്സ് 4.30 സിനിമാഗീതങ്ങൾ.

ഗ്ലോബൽ

6.05 വാർത്തയിലെ വ്യക്തി 6.30 റീപ്ലെ 7.05 ലോകം പോയ വാരം 7.30 രാഗമാലിക 8.00 സ്പോർട്സ് വീക്ക് 8.30 നാട്ടുവിശേഷം 9.05 സാമ്പത്തികവാരം 9.30 ദിൽസേ 10.05 രാഗമാലിക 10.30 ടെലിബ്രാന്റ് ഷോ 11.00 സിനിമ: ശാസ്ത്രം ജയിച്ചു മനുഷ്യൻ തോറ്റു 1.30 ടെലിബ്രാൻറ് ഷോ 2.05 ഫിലിമീ തമാശ 2.30 സിനിമ: കാവ്യമേള 5.00 കഥകളി സമാരോഹം 6.00 ഇന്ത്യാഗേറ്റ് 6.30 കൊച്ചുവർത്തമാനം 7.00 ഹാർട്ട് ബീറ്റ്സ് 7.30 സാമ്പത്തികവാരം 8.00 ദിൽസേ 8.30 ഫിലിമീ തമാശ 9.00 സിനിമ: ശുദ്ധികലശം 11.30 വായനശാല 12.00 ദിൽസേ 12.30 ഫിലിമീ തമാശ 1.00 ഇന്ത്യാഗേറ്റ് 1.30 സിനിമാ ന്യൂസ് 2.00 ഹാർട്ട് ബീറ്റ്സ് 2.30 സിനിമ: ഭാര്യ 5.05 നാട്ടുവിശേഷം-തെക്കൻ കേരളം. 5.30 സാമ്പത്തികവാരം.

സൂര്യ

6.00 സൂര്യമൂസിക് 6.30 ശുഭസന്ദേശം 7.00 പൊൻപുലരി 9.00 സിനിമ: സന്ദേശവരം 11.30 സ്വന്തം മാളൂട്ടി 12.00 താലി 12.30 സിനിമ: റാപ്പിഡ് ആക്ഷൻ ഫോഴ്സ് 3.30 ഹരിചന്ദനം 4.00 മനോയാനം 4.30 സിനിമാസ്കോപ്പ് 5.00 ഐ.ടി. ഡോട്ട് കോം 5.30 കിഡ്സ് ക്ലബ് 6.00 ചിത്രദർശിനി 7.00 സ്ത്രീജന്മം 7.30 വേനൽമഴ 8.00 മാനസപുത്രി 8.30 സ്വയംവരം 9.00 മകൾ മരുമകൾ 9.30 വാൽസല്യം 10.00 കോമഡി ടൈം 10.30 മ്യൂസിക് മൂവ്മെൻറ്സ് 11.30 വെള്ളിത്തിര 12.00 അണിയറ 12.30 ഹാസ്യ രസായനം 1.00 ഹലോ ഹോളിവുഡ് 1.30 സ്റ്റാർട്ട് ക്യാമറ ആക്ഷൻ 2.00 സൂര്യാ മ്യൂസിക്

കൈരളി

6.30 ശാസ്ത്രീയസംഗീതം 7.00 ശുഭദിനം 7.50 വിവേകം 9.00 മധുരം ഗീതം 9.30 ചിത്രവിശേഷം 10.00 സമകാലികം 10.30 സിനിമ: മൂടൽമഞ്ഞ് 1.30 അശ്വമേധം 2.00 കോമഡി തില്ലാന 2.30 ചില്ല് 3.00 ചെറിയ ശ്രീനിയും വലിയ ലോകവും 3.30 സുമംഗലി 4.00 ടെലിബ്രാൻറ് ഷോ 4.30 നൊസ്റ്റാൾജിയ 5.00 പെൺമലയാളം 5.30 ട്രെയിലർ ഷോ 5.45 വാക്കും പൊരുളും 6.30 പ്രിയപ്പെട്ട മോഹൻലാൽ 7.30 ഭാഗ്യലക്ഷ്മി 7.55 കഥാലോ ഗുഡ് ഈവനിംഗ് 8.30 പൂക്കളും നക്ഷത്രങ്ങളും 9.05 കൈരളി ഓൺ ഡിമാന്റ് 9.30 കോമഡി തില്ലാന 10.00 അശ്വമേധം 11.00 കിസ്സ [illegible] 11.30 വാരഫലം 12.35 [illegible] ഗോൾസവം 1.00 സാക്ഷി 1.30 മെയിൽ എ സീൻ 2.00 കാണാക്കാഴ്ചകൾ 2.30 പി.ജിയും ലോകവും 3.00 ചലച്ചിത്രഗാനങ്ങൾ.

ഡിസ്കവറി

8.00 വൈൽഡ് ഡിസ്കറി സ്നേക്ക് ഓഫ് ആസോൺ 9.00 നോർത്ത് തായിൻറ് 10.00 ക്ലാസിക് ഡിസ്കവറി ചൈനീസ് 12.00 വെഡിംഗ് സ്റ്റോറി 12.30 ഗെയിറ്റ് കൻട്രീ ഇൻ 1.00 ദ എലിഫൻറ് 2.00 ബാർക്കിംഗ് മാഡ് 3.00 അനിമൽ ബൈറ്റ്സ് 3.30 കിഡ്സ് പ്രോഗ്രാം 4.00 എക്സ്ട്രീം മിഷ്യൻസ് 5.00 ഗ്ലോബ് ട്രേക്കർ 6.00 ബാർക്കിംഗ് മാഡ് 6.30 പ്ലാനെറ്റ് ഫണ്ണിസ്റ്റ് അനിമൽ 8.00 ക്ലാസിക് ഡിസ്കവറി 9.00 ക്ലാസിക് ഡിസ്കവറി 10.00 ഓൺ ദ ഇൻസൈഡ് ഹോളിവുഡ്

സ്റ്റാർ പ്ലസ്

9.00 ഫോക്സ് കിഡ്സ് 10.00 സ്മോൾ വണ്ടർ 10.30 കഫി കഫി മോരേ ഖർമേം 11.00 മേരി സഹേലി 11.30 ശാന്തി 12.00 ഹിറ്റ് ഫിലിം ഹിറ്റ് സംഗീത് 12.30 കഹീൻ കിസി റോസ് 1.00 10.00 കഹാനി ഘർഘർ കി 1.30 ഭാഭി 2.00 10.30 ക്യേകി സാസ് ഭി കഫി ബഹു ഥി 2.30 ശകുൻ 3.00 8.30 കസോത്തി ജിന്ദഗി കി 3.30 കുങ്കും 4.00 കഫി സൗദൻ കഫി സഹേലി 4.30 കോര കാഗസ് 6.00 ഫോക്സ് കിഡ്സ് 6.40 ആജ്കിബാത്ത് 7.00 കുംങ്കും 7.30 ബൂം ബൂം 8.00 കൃഷ്ണ അർജുൻ 9.00 ദേശ്മേം നികലാ ഹോഗാ ചാന്ദ് 11.00 കഹിൻ കിസി റോസ്

സി.എൻ.എൻ

9.00 ദ വീക്ക് ഇൻ ദ എൻ.ബി.എ 9.30 ബിസ് ന്യൂസ് 12.30 ബിസിനസ് സെൻറർ 1.30 ലാറികിംഗ് ലൈവ് വീക്കെണ്ട് 3.30 ബിസിനസ്ഇൻറർനാഷനൽ 7.30 ഏഷ്യ ടുനൈറ്റ് 8.00 ടോക്ക് ഏഷ്യ 9.00 വേൾഡ് സ്പോട്ട് 10.00 Q&A

സോണി

9.00 ഗുഡ്മോർണിംഗ് 9.30 മ്യൂസിക് മന്ത്ര 10.00 ഹം ഹെ ദിൽവാലെ 10.30 ചമത്കാർ 11.00 യേ ദീനിയാഹെ രംഗീൻ 11.30 മാൽഗുഡി ഡേയ്സ് 12.00 കുക്കിംഗ് 12.30 9.00 കുസും 1.00 എക് മഹൽ ഹോ സപ്നോംകാ 1.30 കുടുംബ് 2.00 കുച്ച് ജൂഗി പാൽക്കിൻ 2.30 ധടക്കൻ 3.00 കഹിൻ ദിയ ജലേ 3.30 ജസ്റ്റ് മുഹബത്ത് 4.00 അലപ്പ വിരാമം 4.30 ചുഡിയാം 5.00 സ്റ്റാർ യാർ കലാകാർ 6.00 ഡിസ്നി അവർ 7.00 ചാർട്ട് ബസ്റ്റേഴ്സ് 7.30 മ്യൂസിക് മന്ത്ര 8.00 ഫാമിലി നമ്പർ1 8.30 കഹിൻ ന കഹിം കേയി ഹെ 9.30 കുടുംബ് 10.00 ധടക്കൻ 10.30 ആഹത് സ്പെഷൽ 11.00 കുച്ച് ജൂഗി പാൽക്കിൻ

സീ.ടി.വി

6.30 യോഗഫോർ ലൈഫ് 6.50 ജാഗരൺ 7.20 സീ ജിം ആൻറ് ഈറ്റ് ഹെൽത്തി 8.00 അർധാംഗിനി 8.15 യാദോം റേഡിയോ സിലോൺ കി 8.30 6.00 നിക്കലോദിയൺ ഓൺ സീ 9.00 നിക്കലോദിയോൺ 10.00 ഹം പാഞ്ച് 10.30 കിത്തനെ കൂൾ ഹെ ഹം 11.30 അമാനത് 12.00 കിത്തനെ കൂൾഹെ ഹം 12.30 ലൗ മാരേജ് 1.00 9.30 കോയി അപനാ 1.30 കമൽ 2.00 ഖരാന 2.30 ഹിന്ദി സിനിമ 7.30 കിത്തനെ കൂൾഹെ ഹം 8.00 കമൽ 8.30 സാംജി 9.00 ബാജി കിസ്കി 10.00 ചോട്ടി മാം ഏക് അനൂഖ ബന്ധൻ

ബിബിസി

10.00 11.00 12.00 6.00 വേൾഡ് ബിസിനസ് റിപ്പോർട്ട് 12.15 6.15 സ്പോർട്സ് ടുഡേ 1.00 യൂറോ ബ്രീഫ് 2.00 5.00 ഹാർഡ് ടോക് 3.00 കറസ്പോണ്ടൻറ് 4.00 ഏഷ്യ ടുഡേ 4.15 റിപ്പോർട്ടേഴ്സ് 7.00 ഫ്യൂച്ചർ ഇംഫെർഫക്റ്റ് 8.00 ഏഷ്യ ടുഡേ 9.00 ഹാർഡ് ടോക്ക് 10.00 ഇന്ത്യ ബിസിനസ് റിപ്പോർട്ട്

ഇ.എസ്.പി.എൻ

8.00 ക്രിക്കറ്റ് 1.00 റൂബി 1.30 സ്പോർട്സ് സെൻറർ 2.30 എക്സ് ഗെയിം 3.00 ഇ.സി.ബി ക്രിക്കറ്റ് ടെസ്റ്റ് സീരീസ് ഇന്ത്യ v ഇംഗ്ലണ്ട് മൂന്നാം ടെസ്റ്റ് ഡേ 5 പ്രവ്യൂ ലൈവ് 3.30 ഇ.സി.ബി ക്രിക്കറ്റ് ടെസ്റ്റ് സീരീസ് ഇന്ത്യ v ഇംഗ്ലണ്ട് മൂന്നാം ടെസ്റ്റ് ഡേ 5 സെഷൻ 1 ലൈവ് 6.10 ഇ.സി.ബി ക്രിക്കറ്റ് ടെസ്റ്റ് സീരീസ് ഇന്ത്യ v ഇംഗ്ലണ്ട് മൂന്നാം ടെസ്റ്റ് ഡേ 5 സെഷൻ 2, 3 ലൈവ്

സ്റ്റാർ സ്പോർട്സ്

8.00 ട്രാൻസ്വേൾഡ് 9.00 ഇൻറർനാഷനൽ മോട്ടോർ സ്പോർട്സ് ന്യൂസ് 10.00 ഏഷ്യ സ്പോർട്സ് ഷോ 10.30 ഗോൾഫ് 11.30 ഇംഗ്ലീഷ് പ്രീമിയർ ഫുട്ബാൾ ലീഗ് 1.30 ഇ.സി.ബി ക്രിക്കറ്റ് 3.00 IRL റേയ്സിംഗ് 5.00 ഫോർമുല വൺ ഹൈലൈറ്റ്സ് 6.00 ടെന്നിസ് 7.30 സ്പോർട്സ് ന്യൂസ് 8.00 യു.എസ് ഓപ്പൺ 2002 ലൈവ്.

റേഡിയോ

കോഴിക്കോട്

5.55 ചിന്താവിഷയം 6.10 പ്രഭാതഗീതം 7.05 നാട്ടുവിശേഷം 7.35 പ്രഭാഷണം 7.45 ശാസ്ത്രീയ സംഗീതപാഠം 8.30 9.15 1.30 4.45 6.35 8.30 10.30 ചലച്ചിത്രഗാനങ്ങൾ 9.00 കോളം 12.40 ഗ്രാമശ്രീ 1.00 വനിതാലോകം 2.30 ശാസ്ത്രീയ സംഗീതം 3.00 ചലച്ചിത്ര ശബ്ദരേഖ 5.00 ഹിന്ദി പാഠം 5.15 ലക്ഷദ്വീപ് പരിപാടി 6.05 വാർത്താപത്രിക 6.50 വയലും വീടും 7.35 വഴിവിളക്ക് 7.45 ലളിതഗാനങ്ങൾ.

തൃശൂർ

5.55 അറിയിപ്പുകൾ 6.00 സുഭാഷിതം 6.10 പ്രഭാതവന്ദനം 6.25 ഗ്രാമക്ഷേമ വാർത്തകൾ 6.30 വിളമ്പരം, പ്രദക്ഷിണം, സേവന വാർത്തകൾ 7.00 കാവ്യാഞ്ജലി 7.05 തരംഗ വിശേഷം 7.20 തൊഴിലവസര വാർത്തകൾ 7.35 ചലച്ചിത്ര ഗാനങ്ങൾ 9.00 ക്ലാസിക്കൽ മ്യൂസിക് 12.05 നാടൻ പാട്ടുകൾ 12.40 ഗ്രാമീണ സ്ത്രീകൾക്കു വേണ്ടി 2.30 ഹിന്ദുസ്ഥാന സംഗീതം 4.45 വ്യവസായ രംഗം 5.15 ശാസ്ത്രീയ സംഗീത പാഠം 5.30 ഭക്തിഗാനങ്ങൾ 5.50 നാടു വിശേഷം 6.05 വാർത്താപത്രിക 6.50 വയലും വീടും 7.35 [illegible] പ്രഭാഷണം 8.00 നാടകം 9.16 വിദ്യാഭ്യാസ രംഗം 9.30 സംഗീത കച്ചേരി 8.30, 1.00, 6.40, 7.50, 8.30, 10.30 ചലച്ചിത്ര ഗാനങ്ങൾ

തിരുവനന്തപുരം

5.50 വന്ദേമാതരം 6.00 അറിയിപ്പുകൾ 6.10 ഉദയഗീതം 6.25 പ്രഭാതഭേരി 7.05 ശാസ്ത്രലോകം 7.20 ആരോഗ്യ രംഗം 7.35 പൊതുജന ശ്രദ്ധയ്ക്ക് 7.40 വാർത്താതരംഗിണി 8.30 ചലച്ചിത്ര ഗാനങ്ങൾ 9.00 വയലിൻ 12.05 ദീപാരാധന 12.40 ദീപ്തി 1.00 ചലച്ചിത്രഗാനങ്ങൾ 2.30 ആറന്മുള ഉത്രാട്ടാതി വള്ളംക്കളി- തൽസമയം 5.00 ഹിന്ദി പാഠം 5.30 തമിഴ് ചലച്ചിത്രഗാനങ്ങൾ 6.05 വാർത്താപത്രിക 6.30 വാർത്താവീക്ഷണം 6.40 ചലച്ചിത്രഗാനങ്ങൾ 6.50 വയലും വീടും 7.20 കമ്പോള നിലവാരം 7.35 യുവവാണി 8.00 നാടകം 9.16 വിദ്യാഭ്യാസരംഗം 9.30 സംഗീതകച്ചേരി 10.30 ചലച്ചിത്രഗാനങ്ങൾ.

വിപണി പോയ വാരത്തിൽ

പി.കെ. പ്രകാശ്

കുരുമുളകിന് വില കൂടി; തേയില ലേലം നടന്നില്ല

കൊച്ചി: വിപണി ഓണാവധിയുടെ ആലസ്യത്തിലായിരുന്നു. പോയവാരം കിങ്കളും ശനിയും മാത്രമേ വിപണി പ്രവർത്തിച്ചുള്ളൂ.

ഓണമില്ലാത്ത ഉത്തരേന്ത്യക്കാർ സജീവമായി നിന്നു. വിപണിയിലെ സ്റ്റോക്ക് വാങ്ങാൻ അവർ താൽപര്യം പ്രകടിപ്പിച്ചു.

നാമമാത്രമെങ്കിലും ഈ പ്രകടനം കുരുമുളകിനെ തുണച്ചു. വെളിച്ചെണ്ണക്ക് പ്രതീക്ഷിച്ച ഓണം ഡിമാൻറ് എത്തിയില്ലെങ്കിലും ഉത്തരേന്ത്യക്കാരുടെ സാന്നിധ്യം വിലതാഴാതെ കാത്തു. റബർ വിപണിയിലും വില സ്ഥിരമായി പിടിച്ചുനിന്നു.

ഓണാവധിയെത്തുടർന്ന് തേയില ലേലം നടന്നില്ല. ഓണം കഴിഞ്ഞപ്പോൾ സ്വർണത്തിന് പവന് 128 രൂപ പവന് കുറഞ്ഞു.

കുരുമുളകിന് കിൻറലിന്മേൽ 200 രൂപയാണ് വർധിച്ചത്. അവധിവ്യാപാര വിലയും കൂടി. പുതിയ വിദേശഡിമാൻറ് എത്താത്ത സാഹചര്യത്തിൽ ഈ വിലവർധന ശ്രദ്ധേയമാണ്. കുരുമുളകിന് ഇവിടെത്തന്നെ ആവശ്യക്കാർ ഏറിയതെന്നതിൻെറ സൂചനകൂടിയാണിത്.

ഉത്തരേന്ത്യയിൽനിന്ന് മുളകിന് നല്ല ഡിമാൻറുണ്ട്. ഇത് തുടരുമെന്നതിൻെറ ലക്ഷണമാണ് അവധി വ്യാപാരവില വർധന.

ആഗോളവിപണിയിലെ ചലനവും നമ്മുടെ കുരുമുളകിന് അനുകൂലമായാണ് നീങ്ങുന്നത്. വിയറ്റ്നാം വിപണിയിൽനിന്ന് പുറത്തായി. അവരുടെ സ്റ്റോക്ക് ഏറെക്കുറെ വിറ്റഴിച്ചുതീരുകയും ചെയ്തു. ബ്രസീലിൽ വിളവെടുപ്പ് ആരംഭിക്കാൻ ഇനിയും രണ്ടുമാസം കഴിയണം. ഗുണനിലവാരം കുറഞ്ഞ ബ്രസീലിയൻ മുളകിനെക്കാൾ ഇന്ത്യൻ മുളകിനോടാണ് വിദേശീയർക്ക് പ്രതിപത്തി.

ശ്രീലങ്കയിൽ മുളക് വില വർധിച്ചതോടെ അവിടെനിന്നുള്ള ഇറക്കുമതി അവസാനിച്ചിട്ടുണ്ട്. ഇത് ഇന്ത്യൻ മുളകിന് ഏറെ അനുകൂലമായ ഘടകമാണ്. ഇവിടുത്തെ കയറ്റുമതിക്കാർ ശ്രീലങ്കൻ മുളക് ഇറക്കുമതി ചെയ്ത് ഇന്ത്യൻ ലേബലിൽ കയറ്റിയയച്ചുവരികയായിരുന്നു. ഇതോടെ ആ തട്ടിപ്പിന് വിരാമമായി.

നവംബർ മാസത്തേക്ക് ബ്രസീൽ ഓഫർ ചെയ്യുന്ന പാരിറ്റി 1450 ഡോളറാണ്. ഇന്തോനേഷ്യയും മലേഷ്യയും 1650 ഡോളറും ഓഫർ ചെയ്യുന്നു. എന്നാൽ, ഇന്ത്യൻ മുളകിൻെറ പാരിറ്റി 1850 ഡോളറായി ഉയർന്നുനിൽക്കുകയാണ്.

വരുംദിവസങ്ങളിൽ വില ഇനിയും വർധിക്കുമെന്നാണ് അവധി വ്യാപാരം നൽകുന്ന സൂചന. വിദേശ ഓർഡറുകളുടെ ഇടപെടലുകളും വിപണി പ്രതീക്ഷിക്കുന്നുണ്ട്. ഏതായാലും കുരുമുളക് വില തൽക്കാലം താഴോട്ടില്ലെന്ന് വിപണി ശക്തമായ സൂചന നൽകുന്നുണ്ട്.

വെളിച്ചെണ്ണ വിപണി സ്ഥിരമായി നിന്നു. 180 കിൻറൽ കഴിഞ്ഞവാരം വിൽപനക്കെത്തി. ഇതിൽ 140 കിൻറലും വാങ്ങിയത് ഉത്തരേന്ത്യക്കാരായിരുന്നു.

വെളിച്ചെണ്ണക്ക് പ്രതീക്ഷിച്ച ആഭ്യന്തരഡിമാൻറ് എത്തിയില്ലെങ്കിലും ഉത്തരേന്ത്യൻ ഡിമാൻറ് വിലത്തകർച്ചയിൽനിന്ന് രക്ഷിക്കുകയായിരുന്നു. ഓഫ് സീസണായതിനാൽ വരവും കുറവാണ്. വില തകരാതെ നിലനിൽക്കാനാണ് സാധ്യത.

ചുക്ക് വിപണിയിൽ വില മാറ്റമില്ലാതെ തുടരുകയാണ്. കർണാടകയിൽനിന്ന് പുതിയ ചുക്ക് വിപണിയിലെത്തിയത് ചെറിയ തിരിച്ചടിയായിട്ടുണ്ട്. കർണാടക വിൽപന നികുതി വെറും ഒരുശതമാനമാക്കി വെട്ടിക്കുറക്കുകയും ചെയ്തു. ഇതോടെ ഉത്തരേന്ത്യൻ ഡിമാൻറ് ആ വഴിയിലേക്ക് നീങ്ങുകയാണ്. ചുക്കിന് ഇവിടുത്തെ വിൽപനനികുതി 4.6 ശതമാനമാണ്. എന്നാൽ, ഗുണമേന്മയുടെ മേധാവിത്വം നമ്മുടെ ചുക്കിന് അനുകൂല ഘടകമാണ്. മധ്യേഷ്യൻ രാജ്യങ്ങളിൽനിന്ന് വൈകാതെ ഡിമാൻറ് പ്രതീക്ഷിക്കുന്നുണ്ട്.

പോയവാരത്തെ രണ്ടുദിവസത്തെ കച്ചവടത്തിൽ 700 ടൺ റബർ വിൽപന നടന്നു.

ഉത്തരേന്ത്യൻ ഡിമാൻറ് റബറിന് നിലനിൽക്കുന്നുണ്ട്. വരവ് വളരെ കുറവാണ്. എന്നിട്ടും കിൻറലിന്മേൽ 28 രൂപയുടെ കുറവ് റബറിന് രേഖപ്പെടുത്തി.

മഴമൂലം ഉൽപാദനം മുടങ്ങിയിരിക്കുകയാണ്. ഇടവിട്ടുള്ള വെയിൽ കാര്യമായ പ്രയോജനം ചെയ്യുന്നില്ല. റബർ വില കുറയാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

ബ്രൂള്ളിയൻ മാർക്കറ്റിൽ കാര്യമായ ചലനമുണ്ടായില്ലെങ്കിലും സ്വർണവില ഇവിടെ കുറഞ്ഞു. പവന് 128 രൂപയാണ് കുറഞ്ഞത്. ആഭ്യന്തരഡിമാൻറ് അവസാനിച്ചതാണ് വില കുറയാൻ കാരണമായത്.

ഓഹരി അവലോകനം

പി.സി. സെബാസ്റ്റൻ

ഓഹരി വിപണിയിൽ പ്രതീക്ഷ

നാസ്ഡാക്ക് ഉൾപ്പെടെയുള്ള പ്രധാന ലോകവിപണികളിൽ ഐ.ടി ഓഹരികൾ നേട്ടമുണ്ടാക്കിയത് ഇന്ത്യയിലെ ഓഹരി വിപണികളിലും പോയവാരം ചലനങ്ങളുണ്ടാക്കി. വിദേശനിക്ഷേപ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ സജീവമായതോടെ വാരാവസാനത്തോടെ വിപണി കാര്യമായ നേട്ടമുണ്ടാക്കി.

കാലവർഷം സജീവമാകാത്തത് സാമ്പത്തികവളർച്ചക്ക് കാര്യമായ പ്രശ്നങ്ങളുണ്ടാക്കില്ലെന്ന വിലയിരുത്തലുകളും മുന്നേറ്റത്തിന് ശക്തി പകർന്നു. എന്നാൽ, നിക്ഷേപങ്ങൾക്കൊപ്പം ഊഹക്കച്ചവടവും കാര്യമായ തോതിൽ വർധിച്ചിട്ടുണ്ടെന്നതിനാൽ നിക്ഷേപകർ കരുതലോടെ നീങ്ങിയേ മതിയാവൂ.

മുൻ വാരാവസാന ക്ലോസിംഗായ 3065.90 പോയൻറിൽനിന്ന് 54 പോയന്റോളം ഉയർന്ന് 3119.18 പോയൻറിലാണ് പോയവാരം മുംബൈ ഓഹരിവില സൂചിക ഇടപാടുകൾ അവസാനിപ്പിച്ചത്. ഇന്ത്യൻ വിപണികളിൽ മികച്ച കമ്പനികളുടേത് ഉൾപ്പെടെ പല ഓഹരികളും കഴിഞ്ഞ മാസങ്ങളിൽ കനത്ത വിലയിടിവ് നേരിട്ടിട്ടുണ്ട് എന്നതിനാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ വരുംദിവസങ്ങളിൽ മുംബൈ സൂചിക 3200 പോയൻറ് പിന്നിടേണ്ടതാണ്. എന്നാൽ, 3150-3175 പോയൻറിനിടെ കനത്ത വിൽപന സമ്മർദമുണ്ടാവാൻ സാധ്യത ഏറെയാണ്. പ്രത്യേകിച്ച്, ഓഹരി വിലകൾ ഉയരുന്നതിൻെറ സൂചനകൾ ലഭിച്ചതോടെ ഊഹക്കച്ചവടം സജീവമായിട്ടുണ്ടെന്നതിനാൽ.

ഇക്കാരണം കൊണ്ട് ദീർഘകാല ലക്ഷ്യങ്ങളോടെ ഇപ്പോൾ നടത്തുന്ന നിക്ഷേപങ്ങൾ കരുതലോടെ വേണമെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്.

പോയവാരത്തെ ക്ലോസിംഗ് നിരക്കായ 3119 പോയൻറിൽനിന്ന് വരുംദിവസങ്ങളിൽ വിപണി ഇടിയുകയാണെങ്കിൽ പിന്നെ 3080 പോയൻറിലാണ് പിന്തുണ ലഭിക്കുക. 3250 പോയൻറ് മറികടക്കാൻ കഴിഞ്ഞാലേ നല്ലൊരു റാലി പ്രതീക്ഷിക്കേണ്ടതുള്ളൂ. എന്നാൽ, അതിനാവശ്യമായ നിക്ഷേപങ്ങൾ ആകർഷിക്കാൻ ഇന്നത്തെ നിലക്ക് കഴിയുമോയെന്ന് സംശയമാണ്.

കഴിഞ്ഞയാഴ്ചത്തെ അവസാന പ്രവൃത്തിദിവസം വിപണി കാര്യമായ നിക്ഷേപങ്ങൾ ആകർഷിച്ചെങ്കിലും ബാക്കി ദിവസങ്ങളിലെല്ലാം ഇടപാടുകൾ തീരെ കുറവായിരുന്നു. ഇതുമൂലം 10 മുതൽ 20 പോയൻറ് വരെയായിരുന്നു സൂചികയിലുണ്ടായ വ്യതിയാനം. ഇതുകൂടി പരിഗണിക്കുമ്പോൾ സൂചിക 3100 പോയൻറിനടുത്ത് സ്ഥിരത നേടാനാണ് സാധ്യതയേറെ.

ഐ.ടി ഓഹരികൾക്കു പുറമേ, പെട്രോളിയം വിപണിയുമായി ബന്ധപ്പെട്ട കമ്പനികളുടെ ഓഹരികളാണ് കഴിഞ്ഞയാഴ്ച കാര്യമായ ചലനങ്ങളുണ്ടാക്കിയ മറ്റൊരു വിഭാഗം. ഇതിൽ ഇന്ത്യൻ ഓയിലും ഐ.ബി.പി.യും കാര്യമായ മുന്നേറ്റത്തെന്ന നടത്തി. ഒ.എൻ.ജി.സി, ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് തുടങ്ങിയ കമ്പനികളിലുള്ള ഓഹരികൾ ഇന്ത്യൻ ഓയിൽ വിറ്റഴിച്ചേക്കുമെന്ന സൂചനയാണ് ഇതിനൊരു കാരണം. ഈ ഇടപാട് കമ്പനിയുടെ വരുമാനം ഗണ്യമായി ഉയർത്തുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

ചില ബാങ്ക് ഓഹരികളും പോയവാരം സജീവമായിരുന്നു. ജമ്മു കാശ്മീർ ബാങ്ക്, വൈശ്യ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, പഞ്ചാബ് നാഷനൽ ബാങ്ക് എന്നിവയാണ് കാര്യമായ നേട്ടമുണ്ടാക്കിയത്.

ആദിവാസി ഭൂമി പ്രശ്നം ഏറ്റുമുട്ടൽ പാതയിലേക്ക്

വി. മുഹമ്മദലി

കൽപറ്റ: ആദിവാസി ഭൂമി പ്രശ്നം സംസ്ഥാനത്ത് വീണ്ടും ചർച്ചാവിഷയമാകുന്നു. ഭൂമി നൽകുമെന്ന വാഗ്ദാനവുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ ആവശ്യത്തിന് ഭൂമി കണ്ടെത്താനാവാതെ പല ജില്ലാ കലക്ടർമാരും വലയുകയാണ്. തർക്കമോ നിയമത്